## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1792 — 10.03.2020- ൽ മറുപടിയ്ക്ക്

### പീരുമേട് സബ് ജയിൽ നവീകരണം

| ചോദ്യം<br>ശ്രീമതി ഇ.എസ്. ബിജിമോൾ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| പീരുമേട് സബ് ജയിലിൽ വളരെ പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ മാത്രമാണ് നിലവിലുള്ളത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ജയിൽ നവീകരണത്തിന് പദ്ധതികൾ സർക്കാർ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജയിൽ സ്ഥാപിച്ച കാലത്ത് ഉണ്ടായിരുന്ന കിച്ചൺ പൊളിച്ചുമാറ്റി പുതിയ കിച്ചൺ പണിയുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം നൽകിയ എസ്റ്റിമേറ്റ് പ്രകാരം 2018-19 സാമ്പത്തിക വർഷത്തിലെ ജയിൽ നവീകരണ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 16,00,000/- രൂപയുടെ പുതിയ കിച്ചൺ നിർമ്മാണം പൂർത്തീകരിച്ച് 04.10.2019-ൽ ഉദ്ഘാടനം നിർവ്വഹിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജയിലിലേയും പരിസരത്തേയും വെളിച്ചകുറവ് പരിഹരിക്കുന്നതിനായി ബഹു. പീരുമേട് എം.എൽ.എ. യുടെ 2017-18 വർഷം ആസ്തിവികസന ഫണ്ട് 3,11,360/- രൂപ ഉപയോഗിച്ച് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 4,00,000/- രൂപ ചെലവിൽ ഒരു ലക്ഷം ലിറ്ററിന്റെ മഴവെള്ള സംഭരണി 13.01.2020 ൽ പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കിയിട്ടുണ്ട്. 2019 വർഷത്തിൽ പൊതുമരാമത്തിന്റെ ഫണ്ട് 2,00,000/- രൂപ ഉപയോഗിച്ച് പഴയ ഫീമെയിൽ സെൽ നവീകരിച്ച് വീഡിയോ കോൺഫറൻസിംഗ് ഹാളും 2,80,000/- രൂപ ഉപയോഗിച്ച് തടവുകാരെ പാർപ്പിച്ചിരുന്ന സെല്ലുകളിലെ ടോയ് ലെറ്റുകളുടെ നവീകരണവും നടത്തിയിട്ടുണ്ട്. അപകടാവസ്ഥയിലായ ഓഫീസ് റൂം, ഗാർഡ് ഓഫീസ്, പഴയ നക്സൽ സെൽ എന്നിവ പൊളിച്ചുമാറ്റി 40 തടവുകാരെ പാർപ്പിക്കുന്നതിനുള്ള സെല്ലുകളും, സൂപ്രണ്ട് ഓഫീസ്, ഗാർഡ് ഓഫീസ്, സ്റ്റാഫ് റസ്റ്റ് റൂം, മിനി ഓഡിറ്റോറിയം, ഇന്റർവ്യൂ റൂം തുടങ്ങിയ സൗകര്യങ്ങളോടെ 2 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവാകുകയും |

| | |
|---|---|
| | കെട്ടിടം പണിയുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുമുണ്ട്. 4,50,000/- രൂപ ചെലവഴിച്ച് 2019 വർഷത്തിൽ ഫെൻസിങ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>30 വർഷം പഴക്കമുള്ള വയറിങ്ങുകൾ മാറ്റി റീവയറിങ്ങുകൾ നടത്തൽ, തടവുകാരെ പാർപ്പിച്ചിരിക്കുന്ന മെയിൻ ബ്ലോക്ക് റൂഫ് മാറ്റി അറ്റകുറ്റപണികളും പെയിന്റിംഗും നടത്തൽ, ജീവനക്കാർക്കുള്ള ജയിൽ വക 9 ക്വാർട്ടേഴ്സുകളിൽ 5 ക്വാർട്ടേഴ്സുകളുടെ നവീകരണം, വനാതിർത്തി പങ്കിടുന്ന ജയിൽ വക സ്ഥലം വന്യജീവികളുടെ ശല്യത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി ഫെൻസിങ് സ്ഥാപിക്കൽ എന്നീ നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ